മകനെ മർദ്ദിക്കുന്നത് കണ്ട് പിടിച്ചു മാറ്റാൻ ചെന്ന അച്ഛൻ മർദ്ദനമേറ്റ് മരണമടഞ്ഞ കേസിൽ മൂന്ന് പേർ അറസ്റ്റിൽ. ആലങ്ങാട് നീറിക്കോട് തേവാരപ്പിള്ളി വീട്ടിൽ നിഥിൻ (24), നീറിക്കോട് പുളിയ്ക്കപറമ്പിൽ വീട്ടിൽ തൗഫീക്ക് (22) കരുമാലൂർ തട്ടാംപടി പാണാട് ഭാഗത്ത് തൊടുവിലപ്പറമ്പിൽ വീട്ടിൽ വിവേക് (23) എന്നിവരെയാണ് ആലുവ വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ആലങ്ങാട് നീറിക്കോട് സ്വദേശി വിമൽ കുമാറാണ് മരണമടഞ്ഞത്. കഴിഞ്ഞ ഇരുപതിന് വൈകിട്ടായിരുന്നു. സംഭവം. വിമൽ കുമാറിന്റെ മകൻ റോഹിനെയും സുഹൃത്തിനെയും പ്രതികൾ ആക്രമിക്കുന്നത് കണ്ട് പിടിച്ച് മാറ്റാൻ ചെന്ന വിമൽ കുമാറിനെയും ഇവർ ആക്രമിക്കുകയായിരുന്നു.